LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് എയർപോർട്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തിരുന്നത് പ്രകാരം 8 ശതമാനം കഴിഞ്ഞിരിക്കുന്നു. ഇത് താഴെപ്പറയും പ്രകാരമാണ് :

ജിയോ ഡ്രെയിൻ ചെയ്യേണ്ടിയിരുന്ന 2800 മീറ്ററിൽ 2000 മീറ്റർ പൂർത്തിയായി. Turning Pad പൂർത്തിയായി. മണിക്കൂറിൽ 120 ടൺ ശേഷിയുള്ള Computer Controlled Batching Plant സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കി റൺവേയുടെ ബലക്ഷയം വന്ന 150 മീറ്ററിൽ 30 cm ആഴത്തിൽ മേൽപോള പൊളിച്ചുമാറ്റി. മേൽ സൂചിപ്പിച്ചിരുന്ന പോലെ 2017 ഫെബ്രുവരിയോടെ റൺവേയുടെ നവീകരണം പൂർത്തിയാക്കാൻ കഴിയും.

(ബി) ഇല്ല.

നാശോന്മുഖമാകുന്ന പൈപ്പർ എയർക്രാഫ്റ്റ് വിമാനം

211 (219) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ അമേരിക്കയിൽ നിന്നും കോടികൾ ചെലവഴിച്ചു വാങ്ങിയ പൈപ്പർ എയർ ക്രാഫ്റ്റ് എന്ന വിമാനം ഉപയോഗിക്കപ്പെടാതെ കിടക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിമാനം വേണ്ടത്ര പ്രവൃത്തി പരിചയമില്ലാത്ത പൈലറ്റുമാരുടെ അഭാവം കൊണ്ടാണ് ഉപയോഗിക്കാൻ കഴിയാത്തതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇപ്രകാരമൊരു വിമാനം വാങ്ങുന്നതിന് മുമ്പ് ഈ സാഹചര്യം വിലയിരുത്താതിരുന്നതിന്റെ കാരണമെന്താണ് ;

(ഡി) ഈ വിമാനം അടിയന്തര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതാണെന്ന കാര്യം കൂടി പരിഗണിച്ച് ഇത് ഉപയോഗക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വേണ്ടത്ര പ്രവൃത്തി പരിചയമില്ലാത്ത പൈലറ്റുമാരുടെ അഭാവം കൊണ്ടാണ് വിമാനം ഉപയോഗിക്കാൻ കഴിയാത്തതെന്ന ആക്ഷേപം വസ്തുതാപരമായി ശരിയല്ല. വിമാനത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ Airworthiness

Certificate ലഭിക്കാത്തതുകൊണ്ടാണ് ഉപയോഗിക്കാൻ കഴിയാത്തത്. Airworthiness Certificate ലഭിക്കുന്നതിനുവേണ്ടി വിമാനത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ നിഷ്കർഷിക്കുന്ന ചില പരിശോധനകൾ നടത്തേണ്ടതായിട്ടുണ്ട്. ഇത് നടക്കണമെങ്കിൽ ആദ്യം രാജീവ്ഗാന്ധി ഏവിയേഷൻ അക്കാഡമിയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം നേടേണ്ടതുണ്ട്. ഇതിന് അക്കാഡമി പുതിയതായി നിർമ്മിച്ച ഹാംഗറിൽനിന്നും വിമാനങ്ങൾ എയർപോർട്ടിലേയ്ക്ക് പറക്കുന്നതിനുവേണ്ടിയുള്ള പ്രവേശനകവാടം സുരക്ഷാ കാരണങ്ങളാൽ Airports Auhtority of India നാളിതുവരെ തുറന്നു തന്നിട്ടില്ല. ഇത് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം ലഭിക്കുന്നത് വൈകാൻ കാരണമാകുന്നു. Airports Authority of India നിഷ്കർഷിക്കുന്ന സുരക്ഷാ സജ്ജീകരണങ്ങൾ അക്കാഡമി ത്വരിതഗതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ ഹാംഗറിൽ നിന്ന് എയർപോർട്ടിലേയ്ക്ക് ലഭിച്ചാലുടൻ വിമാനത്തിന് Airworthiness Certificate ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതമാക്കി വിമാനം പറക്കലിന് സജ്ജമാക്കുന്നതാണ്.

(സി) 2014 ഫെബ്രുവരിയിൽ ഉദ്ഘാടനം നടന്ന പുതിയ ഹാംഗർ സമുച്ചയത്തിന് വിമാനങ്ങളുടെ പരിശോധനകൾക്കും അറ്റകുറ്റപ്പണികൾക്കും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം ലഭിക്കാത്തത് ഇപ്പോൾ ഉള്ള പ്രതിസന്ധിക്കുകാരണം. ഈ അംഗീകാരം ലഭിക്കണമെങ്കിൽ ഹാംഗറിൽ നിന്നും വിമാനങ്ങൾക്ക് പറക്കുവാനായി വിമാനത്താവളത്തിലേയ്ക്ക് കടക്കുവാനുള്ള പ്രവേശന കവാടം തുറന്നുകിട്ടേണ്ടതുണ്ട്. സുരക്ഷാ കാരണങ്ങൾ കാണിച്ച് Airports Authority of India ഇതുവരെ പ്രവേശന കവാടം തുറന്നു തന്നിട്ടില്ല. പൈപ്പർ വിമാനം തിരുവനന്തപുരത്ത് എത്തുന്ന മുറയ്ക്ക് ഈ പ്രവേശന കവാടം തുറന്നു കിട്ടും എന്നതായിരുന്നു അക്കാഡമിയുടെ വിലയിരുത്തൽ. ഇതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയാണ്.

(ഡി) വിമാനം പരിശീലന പറക്കലിന് ഉതകുന്നവിധം പ്രവർത്തനക്ഷമമാക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിനുതക്ക യോഗ്യതയുള്ള പൈലറ്റിനെ നിയമിക്കാനുള്ള നടപടിക്രമങ്ങളും പൂർത്തിയായിവരുന്നു.

സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ

212 (220) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly